# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4031** **25/06/2014-ൽ മറുപടിക്ക്**

## എല്ലാ ജില്ലകളിലും 108 ആംബുലൻസ് സംവിധാനം

**ചോദ്യം**

ശ്രീ. ഇ. പി. ജയരാജൻ
" ജി. സുധാകരൻ
" കെ. കെ. നാരായണൻ
" ബാബു എം. പാലിശ്ശേരി

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

<table>
<tr><td>(എ)</td><td>108 ആംബുലൻസ് സംവിധാനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചിരുന്നോ ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;</td><td rowspan="2">(എ)<br>&<br>(ബി)</td><td rowspan="2">108 ആംബുലൻസുകളുടെ സേവനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടി. കാര്യത്തിലേയ്ക്കായി 287 ബി.എൽ.എസ്. ആംബുലൻസുകളും, ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ജനനി ശിശു സുരക്ഷാ കാര്യക്രം പദ്ധതിയിലുൾപ്പെടുത്തി 283 പേഷ്യന്റ് ട്രാൻസ്പോർട്ട് ആംബുലൻസുകളും വാങ്ങി നടപ്പിലാക്കുന്നതിനായി 24/02/2014-ന് ടെൻഡർ ക്ഷണിച്ചിരുന്നു.</td></tr>
<tr><td>(ബി)</td><td>എല്ലാ ജില്ലകളിലും അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് സംവിധാനമുള്ള ആംബുലൻസുകളാണോ വാങ്ങാൻ ടെണ്ടർ ക്ഷണിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;</td></tr>
<tr><td>(സി)</td><td>അടിസ്ഥാന സൗകര്യങ്ങൾ മാത്രമുള്ള ആംബുലൻസുകൾ വാങ്ങുക വഴി പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യമായിരുന്ന എമർജൻസി മെഡിക്കൽ സർവ്വീസ് സാദ്ധ്യമാകുമോ ;</td><td>(സി)</td><td>പ്രസ്തുത ആംബുലൻസുകൾ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കരട് മാർഗ്ഗരേഖ പ്രകാരമുള്ള സംവിധാനങ്ങളോടുകൂടിയ ആംബുലൻസുകളാണ്. ആയതിനാൽ ഇവ മുഖേന എമർജൻസി മെഡിക്കൽ സർവ്വീസിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാധ്യമാണ്.</td></tr>
<tr><td>(ഡി)</td><td>നിലവിലെ നടപടിക്രമങ്ങൾ റദ്ദു ചെയ്ത് എമർജൻസി മെഡിക്കൽ സേവനം ഒരുക്കാൻ തയ്യാറാകുമോ ?</td><td>(ഡി)</td><td>സുതാര്യമായ നടപടി ക്രമങ്ങളിലൂടെ പദ്ധതി നടപ്പിലാക്കുന്നതാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ